# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1937 08.06.2018 ൽ മറുപടിയ്ക്ക്

**<u>വാഹനങ്ങളുടെ മത്സരയോട്ടവും അപകടങ്ങളും</u>**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിലെ വെള്ളയമ്പലം-കവടിയാർ റോഡിൽ മത്സരഓട്ടവും അപകടങ്ങളും കുറയ്ക്കുവാൻ മോട്ടോർ വാഹന വകുപ്പ് സ്ഥാപിച്ച ക്യാമറയുടെ പ്രവർത്തനം ആരംഭിച്ച ശേഷം പ്രസ്തുത ഭാഗത്ത് അപകടങ്ങൾ കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) യും (ബി) യും | ഉണ്ട്. പ്രസ്തുത ക്യാമറ പ്രവർത്തനമാരംഭിച്ചതിനു ശേഷം 16,809 വാഹന ഉടമകൾക്കെതിരെ 67,23,600/- (അറുപത്തിയേഴ് ലക്ഷത്തി ഇരുപത്തി മൂവ്വായിരത്തി അറുന്നൂറ് )രൂപ പിഴ ചുമത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്യാമറ പ്രവർത്തനക്ഷമമായശേഷം അമിത വേഗത്തിന് എത്ര വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിച്ചുവെന്നും എത്ര തുക ഈയിനത്തിൽ ലഭ്യമായിയെന്നും വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത ക്യാമറ സ്ഥാപിക്കുന്നതിന് എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | വാളയാർ - വടക്കാഞ്ചേരി റൂട്ടിൽ ക്യാമറകൾ സ്ഥാപിക്കുന്നതിനായി അനുവദിച്ച പ്ലാൻ ഫണ്ടായ 7.14 കോടി രൂപയിൽ നിന്നുമാണ് അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് 2 ക്യാമറകൾ തിരുവനന്തപുരം ജില്ലയിലെ വെള്ളയമ്പലം - കവടിയാർ റോഡിൽ സ്ഥാപിച്ചത്. പദ്ധതി പൂർത്തീകരിച്ച ശേഷമേ ബില്ലുകൾ സമർപ്പിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ